# സ്കൂൾ മാസ്റ്റർപ്ലാൻ 2025-26

## ശാസ്താ എ.എൽ.പി സ്കൂൾ പുതുപ്പള്ളി

Scanned by Camera Scanner

# ശാസ്താ എ.എൽ.പി സ്കൂൾ പുതുപ്പള്ളി

1925- ലാണ് പുതുപ്പള്ളി ശാസ്താ എ.എൽ.പി സ്കൂൾ സ്ഥാപിച്ചത്. പുതുപ്പള്ളിയിലെ പ്രമുഖ നായർ തറവാടായ കോഴിപ്പുറത്തുകാരുടെ നേതൃത്വത്തിലാണ് സ്കൂൾ സ്ഥാപിച്ചത്. ലോവർ പ്രൈമറി പുതുപ്പള്ളിയിലും പിന്നീട് അപ്പർ പ്രൈമറി ചമ്രവട്ടം അങ്ങാടിയിലും സ്ഥാപിച്ചു. ഇപ്പോൾ എൽ.പി, യു.പി സെക്ഷനുകൾ വെവ്വേറെ മാനേജ്മെന്റുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. എൽ.പിയിൽ തുടക്കത്തിൽ അഞ്ചാം ക്ലാസ് വരെയുണ്ടായിരുന്നു. പിന്നീട് നാല് വരെയായി. ഇപ്പോൾ എൽ.കെ.ജി മുതൽ നാലാം ക്ലാസ്സ് വരെ മുന്നൂറിനടുത്ത് കുട്ടികൾ ഇവിടെ പഠിക്കുന്നു.

ചമ്രവട്ടം പാലത്തിന്റെ രണ്ട് കിലോമീറ്റർ അകലെയായി കാവിലക്കാട് റോഡരികിൽ അത്താണിപ്പടിക്കടുത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. പുറത്തൂർ പഞ്ചായത്തിൽ ഭാരതപ്പുഴയോരത്തെ വിവിധ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. ഈ സ്കൂളിൽ പഠിച്ച വിദ്യാർത്ഥികളിൽ ജില്ലാ കളക്ടർ സ്ഥാനത്തിരുന്നവർ വരെയുണ്ട്. നഴ്സറി മുതൽ നാലാം ക്ലാസ് വരെ പന്ത്രണ്ട് അധ്യാപകരും മൂന്ന് അധ്യാപകേതര ജീവനക്കാരും ഇവിടെ ജോലി ചെയ്യുന്നു. പുതുപ്പള്ളി ശാസ്താ എ.എൽ.പി സ്കൂൾ കോട്ടികശാല സ്കൂൾ എന്ന പേരിലും അറിയപ്പെടുന്നുണ്ട്.



Scanned by Camera Scanner

# കോട്ടികശാല

കോട്ടികശാലയുടെ ചരിത്രം തേടിയുള്ള യാത്ര തുടങ്ങിയിട്ട് നാളുകളേറെയായിരുന്നു. പല വിദഗ്ധരെ സമീപിച്ചുവെങ്കിലും വ്യക്തമായ മറുപടി ലഭിച്ചിരുന്നില്ല. നാട്ടുകാരിപ്പോഴും പുതുപ്പള്ളി ശാസ്താ എ.എൽ.പി സ്കൂളിനെ കോട്ടികശാല സ്കൂളെന്നും സ്കൂൾ സ്ഥിതി ചെയ്യുന്ന ഉയർന്ന പറമ്പിനെ കോട്ടികശാലത്തറ എന്നും വിളിച്ചു പോരുന്നു. സമീപത്തെ ചില തറവാടുകളുടെ പേരും ഇതുതന്നെ. എന്നാൽ എന്താണ് ഈ പേരിന് പിന്നിലെ ചരിത്രമെന്തെന്ന് അറിയില്ലായിരുന്നു.

ഒടുവിൽ നാട്ടുകാരനായ പ്രിയ സാഹിത്യകാരൻ സി.രാധാകൃഷ്ണൻ ഉത്തരമേകി. 'ഗോഷ്ഠികശാല' ലോപിച്ചാണ് കോട്ടികശാലയായത്. 1928ൽ സ്കൂൾ സ്ഥാപിക്കുന്നതിന് മുമ്പേ തന്നെ ഇവിടെയൊരു വിദ്യാകേന്ദ്രമുണ്ടായിരുന്നു. പ്രാചീന കേരളത്തിലെ എല്ലാതരത്തിലുമുള്ള വിദ്യകളും അഭ്യസിപ്പിക്കുന്ന കൂത്തമ്പലമായിരുന്നു ഗോഷ്ഠികശാല. പുതുപ്പള്ളി എന്ന സ്ഥലത്തിന് ബുദ്ധമതവുമായാണ് ബന്ധം. പള്ളി എന്നത് പാലി ഭാഷയിൽ നിന്നും വന്നതാണ്. ചുറ്റുവട്ടത്ത് പണ്ടൊരു ബുദ്ധവിഹാര കേന്ദ്രമുണ്ടായിരുന്നു. ബുദ്ധസന്യാസിമാർ ഈ മേഖലയിൽ പ്രചാരണം നടത്തുകയും അറിവ് പകർന്നു നൽകുകയും ചെയ്തിരുന്നു. ഗോഷ്ഠികശാല അവരുടെ സംഭാവനയാണെന്നാണ് അനുമാനം. നെൽവയലുകളാൽ വലയപ്പെട്ടതായിരുന്നു കോട്ടികശാല പറമ്പ്.



Scanned by Camera Scanner

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : ശാസ്താ എ.എൽ.പി. സ്കൂൾ
പുതുപ്പള്ളി
പി.ഒ. പുതുപ്പള്ളി 676102
2. സ്കൂൾ കോഡ് : 19751
3. ഗ്രാമപഞ്ചായത്ത് : പുറത്തൂർ 5-ാം വാർഡ്
4. ഉപജില്ല, വിദ്യാഭ്യാസ ജില്ല : തിരൂർ
5. റവന്യൂ ജില്ല : മലപ്പുറം
6. ബി. ആർ. സി : തിരൂർ
7. സി. ആർ. സി : പുറത്തൂർ
8. ബ്ലോക്ക് പഞ്ചായത്ത് : തിരൂർ 12-ാം ഡിവിഷൻ
9. ജില്ലാ പഞ്ചായത്ത് : മലപ്പുറം
10. നിയമസഭാ മണ്ഡലം : തവനൂർ
11. ലോകസഭ മണ്ഡലം : പൊന്നാനി
12. താലൂക്ക് : തിരൂർ
13. വില്ലേജ് : പുറത്തൂർ
14. Email : Sasthalps@gmail.com

| | Boys | Girls | Total |
|---|---|---|---|
| പ്രീപ്രൈമറി | Boys | Girls | Total |
| സ്കൂൾ | | | |
| ആകെ | | | |

Scanned by Camera Scanner

# പൊതുലക്ഷ്യങ്ങൾ

അതിൽ മെച്ചമായ ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊണ്ട് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. ശിശു സൗഹൃദ വിദ്യാലയം ഉറപ്പു വരുത്തുക.

3. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാലം ഉദ്ദേശ്യത്തോടെ പഠന പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

4. ഓരോ ക്ലാസ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പിലാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

5. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

6. സാമൂഹിക ഇടപെടലിലൂടെ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുക, പൊതുജനങ്ങൾക്കു കൂടി പ്രയോജനകരമാകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

Scanned by Camera Scanner

# നിലവിലെ അവസ്ഥാ വിശകലനം

## അക്കാദമിക നേട്ടങ്ങൾ

അക്കാദമിക് പ്രവർത്തനങ്ങളിൽ വിദ്യാലയം ശ്രദ്ധേയമായ നിലവാരം പുലർത്തുന്നു. LSS പരീക്ഷകളിൽ മികച്ച നിലവാരം പുലർത്തുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ വൈവിധ്യം പുലർത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നു. കലാകായിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. വാർഷിക ആഘോഷവേദിയിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും പരിപാടി അവതരിപ്പിക്കാൻ അവസരം ഒരുക്കാറുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി നാലാം ക്ലാസിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രാദേശിക പഠനയാത്ര സംഘടിപ്പിക്കുന്നു.

പുറത്തൂർ പഞ്ചായത്തിൽ നൂറ് പൂർത്തിയുള്ള ഏകവിദ്യാലയമാണിത്. ക്ലബ്ബുകൾ, [illegible], ഫിലിം ഫെസ്റ്റിവൽ, [illegible] ഗണിതമേള, ഫീൽഡ് ട്രിപ്പ്, വിജയഭേരി, [illegible] പഠനോത്സവം എന്നി പരിപാടികൾ സമയബന്ധിതമായി നടന്നു പോരുന്നു. ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ രണ്ട് ദിവസം നടത്തുന്നു. പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ആഴ്ചയിൽ ചോദ്യങ്ങൾ നൽകി അവ മൂല്യനിർണയം നടത്തുന്നു. ക്ലാസ്‌ലൈബ്രറിയിൽ നിന്നും കുട്ടി[illegible] പുസ്തകം എടുത്തു വായിക്കുന്നു.

Scanned by Camera Scanner

b. അക്കാദമികം - പരിമിതികൾ

കമ്പ്യൂട്ടർ പഠനം കാര്യക്ഷമമായവയല്ല. ലഭ്യമായ കമ്പ്യൂട്ടറുകളെല്ലാം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുന്നില്ല. ഒരെണ്ണം പ്രവർത്തന രഹിതമായിട്ടുണ്ട്. കായിക പ്രവർത്തനങ്ങൾക്കും കലാ പരിശീലനത്തിനും കുറച്ച് സമയം കണ്ടെത്തേണ്ടതുണ്ട്.

c. ഭൗതികം നേട്ടങ്ങൾ

ഒന്നു മുതൽ നാല് വരെയുള്ള എല്ലാ ക്ലാസുകളും ഹൈടെക് ക്ലാസ്മുറികളാണ്. പ്രീപ്രൈമറി ക്ലാസ് ശീതീകരിച്ചിട്ടുണ്ട്, T.V, സംവിധാനമടക്കമുള്ള ക്ലാസ്സും ഉണ്ട്. എല്ലാ ക്ലാസുകളിലും Black board ആണ് ഉപയോഗിക്കുന്നത്. എല്ലാ ക്ലാസുകളും ടൈൽ ചെയ്ത് വൃത്തിയുള്ളതാണ്. പ്രീപ്രൈമറി അടക്കമുള്ള ഓരോ ക്ലാസിലും വായനക്കാവശ്യമായ ലൈബ്രറി സംവിധാനിച്ചിട്ടുണ്ട്. ഒന്നു മുതൽ 4-വരെയുള്ള എല്ലാ ക്ലാസുകളിലും നിലവാരമുള്ള ബെഞ്ചും ഡെസ്കുമടക്കമുള്ള മികച്ച ഫർണിച്ചർ സംവിധാനം ഉണ്ട്. വിദ്യാലയം നിലവിൽ [illegible] ഭാഗത്ത് ചിൽഡ്രൻസ് പാർക്ക് ഒരുക്കിയിട്ടുണ്ട്.

d. ഭൗതികം പരിമിതികൾ

സ്കൂൾ മൈതാനത്തിനടുത്തുള്ള കുളം നവീകരിക്കാൻ സാധിച്ചിട്ടില്ല. കമ്പ്യൂട്ടർ പഠനത്തിനുവേണ്ട കമ്പ്യൂട്ടറുകൾ ലഭിക്കേണ്ടതുണ്ട്. വളരെയധികം വാഹനങ്ങൾ പോകുന്ന റോഡാണ് സ്കൂളിനുമുന്നിലൂടെ. അതിനാൽ കുട്ടികൾക്ക് പോകുന്നതിനും ബുദ്ധിമുട്ട് ഉണ്ട്. അത് പരിഹരിക്കുന്നതിനായി ഒരു ബസ് ആവശ്യമാണ്.

Scanned by Camera Scanner

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

ഭാഷാശേഷി വികസനം
ഗണിതശേഷി വികസനം
ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
വായനശേഷി വർദ്ധിപ്പിക്കൽ
ലബോറട്ടറി നവീകരണം
ലൈബ്രറി ശാക്തീകരണം
സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
സ്കൂൾ പത്രം, മാസികകൾ
അധ്യാപക ശാക്തീകരണം
പ്രവൃത്തിപരിചയ പരിശീലനം
പച്ചക്കറിത്തോട്ടം
രക്തഗ്രൂപ്പ് നിർണയം
സ്കൂൾ ബ്ലോഗ്
ഭാഷാലാബ്
കായികശേഷി വികസനം
ഐ.ടി. പഠനം കാര്യക്ഷമമാക്കാൻ
ചിത്രരചനാ ക്ലാസ്
ശാസ്ത്ര, ഗണിത സാമൂഹ്യം ഐ.ടി പ്രവൃത്തിപരിചയ മേളകൾ
ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കാൻ.

Scanned by Camera Scanner

| ഉപമേഖല : മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1) എല്ലാ കുട്ടികൾക്കും മലയാളം എഴുതാനും വായിക്കാനുമുള്ള അടിസ്ഥാനശേഷിയുടെ വികസനം, ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | വാർത്തവായന<br>കളിവീട് (ഭാഷയിൽ പിന്നാക്കം നിൽക്കുന്നവർക്കുള്ള പ്രത്യേക പരിശീലനപരിപാടി) | എല്ലാ ദിവസവും<br>എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് ലഞ്ച് ബ്രേക്ക് സമയത്ത് | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |
| 2) എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക. | കുഞ്ഞുവായന<br>റീഡിംഗ് കാർഡ്<br>ക്ലാസ് വായനക്കൂട്ടം<br>വായനമൂല ശാക്തീകരണം<br>സ്കൂൾ ലൈബ്രറി ശാക്തീകരണം<br>വായനോത്സവം<br>വായനവാരാചരണം<br>വായനശാല സന്ദർശനം | ആഴ്ചയിൽ ഒരു ദിവസം<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - ആഗസ്റ്റ്<br>ജൂൺ 19-25<br>ജൂൺ അവസാനവാരം | ക്ലാസ് ടീച്ചർ | |

Scanned by Camera Scanner

## പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാനും കൈകാര്യം ചെയ്യാനും സാധിക്കൽ | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒന്ന് | എസ്.ആർ.ജി കൺവീനർ | |
| | My favourite one | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | Happy English | ആഴ്ചയിൽ ഒരു ദിവസം | പി.ടി.എ | പി.ടി.എ |
| ഇംഗ്ലീഷ് ഭാഷയോടുള്ള താത്പര്യം വർധിപ്പിക്കുക. | Animation watching | മാസത്തിൽ ഒന്ന് | | |
| | Magic English | മാസത്തിൽ ഒന്ന് | | |
| | Spelling Bee contest | ഓരോ ടേമിലും | | |
| ഇംഗ്ലീഷ് പത്രങ്ങളും പുസ്തകങ്ങളും വായിക്കാൻ കഴിവു നേടുക. | Readers' club | ഓരോ ക്ലാസ്സുകളിലും | | |
| | Englsih day | രണ്ടാഴ്ചയിൽ ഒരു ദിവസം | | |
| | Reading card | എല്ലാ ക്ലാസുകളിലും | | |

Scanned by Camera Scanner

# ഉപമേഖല : പൊതുവിജ്ഞാനം

*ലക്ഷ്യങ്ങൾ*

- പാഠപുസ്തകത്തിനപ്പുറത്തേക്കുള്ള വിശാലമായ അറിവിന്റെ ലോകത്തേക്ക് കുട്ടിയെ നയിക്കുക.
- ദേശീയ അന്തർദേശീയ ആനുകാലികസംഭവങ്ങളിലുള്ള അറിവ് നേടുക.
- നാടിന്റെ സാംസ്കാരികപൈതൃകങ്ങളെക്കുറിച്ച് അവബോധം.
- പൊതുവിജ്ഞാനം വർധിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|
| പാഠപുസ്തകത്തിനപ്പുറത്തേക്കുള്ള വിശാലമായ അറിവിന്റെ ലോകത്തേക്ക് കുട്ടിയെ നയിക്കുക.<br><br>ദേശീയ, അന്തർദേശീയ ആനുകാലിക സംഭവങ്ങളിലുള്ള അറിവ് നേടുക.<br><br>നാടിന്റെ സാംസ്കാരിക പൈതൃകങ്ങളെക്കുറിച്ച് അവബോധം<br><br>പൊതുവിജ്ഞാനം വർധിപ്പിക്കുക. | ഓരോ കുട്ടിക്കും വർഷാരംഭത്തിൽ ഒരു നോട്ബുക്ക് നൽകി ഓരോ ദിവസവും ഒരു പുതിയ അറിവ് നോട്ട്ബുക്കിലേക്ക്<br><br>പത്രം, ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവയുടെ ഉപയോഗം പുതിയ അറിവ് നേടുന്നതിലേക്ക് നയിക്കുന്ന രീതിയിൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൃത്യമായ ഇടപെടലും മോണിറ്ററിംഗും<br><br>ഇന്നത്തെ ചോദ്യം. ദൈനംദിനവാർത്തകളെ അടിസ്ഥാനമാക്കിയുള്ള പ്രശ്നോത്തരി.<br><br>മാസത്തിൽ ഒരു ക്വിസ് മത്സരം<br><br>പഠനയാത്രകൾ- നാടിന്റെ ചരിത്രവും സാംസ്കാരികപൈതൃകവും, തൊഴിലിടങ്ങൾ, പൊതുസ്ഥാപനങ്ങൾ, പ്രകൃതിസംരക്ഷണ അവബോധം ഉണ്ടാക്കുന്ന ഇടങ്ങൾ......<br><br>പത്രങ്ങൾ, ആനുകാലികങ്ങൾ കൂടുതൽ ലഭ്യമാക്കുക. | ജൂൺ മുതൽ മാർച്ച് വരെ. | എസ്.ആർ.ജി |

Scanned by Camera Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| * സ്കൂൾ തുറക്കുമ്പോൾ എല്ലാ വിദ്യാർത്ഥികൾക്കും നിർഭയമായി സ്കൂളിലേക്ക് വരുന്നതിന് | * എല്ലാ ക്ലാസ്മുറിയും സ്കൂൾ പരിസരവും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു. PTA, Executive യോഗം, SRG. | May അവസാന വാരം | PTA | Staff |
| * പാഠപുസ്തകങ്ങൾ ലഭിക്കുന്നതിന് | * എല്ലാ കുട്ടികൾക്കുമുള്ള പാഠപുസ്തകങ്ങൾ സൊസൈറ്റിയിൽ നിന്നും ലഭ്യമായ മുറയ്ക്ക് വിതരണം ചെയ്യുന്നു. യൂണിഫോം കിട്ടുന്നതനുസരിച്ച് വിതരണം നടത്തുന്നു. | എല്ലാ വെള്ളിയാഴ്ചയും SRG - കൂടുന്നു. | | |
| * വൃത്തിയും പോഷകമൂല്യവുമുള്ള ഭക്ഷണം ലഭ്യമാക്കുന്നതിന് | * അടുക്കളയും Store room-ഉം പാത്രങ്ങളും വൃത്തിയാക്കുന്നു. Noon feeding കമ്മിറ്റി കൂടുന്നു. ജൂൺ മാസത്തെ മെനു തയ്യാറാക്കുന്നു. | SRG | PTA | |
| * പുതിയ അധ്യയനവർഷം സ്കൂളിലേക്ക് എത്തുന്നവരെ സന്തോഷവാന്മാരാക്കാൻ | * സ്കൂൾ അലങ്കരിക്കൽ, പ്രവേശനോത്സവം, ഉദ്ഘാടനം, നവാഗതർക്കുള്ള സമ്മാനം നൽകൽ, സ്വീകരിക്കൽ, മധുരപലഹാരം നൽകൽ. | June-2 | അധ്യാപകർ PTA | |

Scanned by Camera Scanner

PTA ജൂൺ 4

| | | | |
|---|---|---|---|
| • വിജയസ്പർശം SRG meeting | വിജയസ്പർശം, Pre-test, Meeting, Module, Class | | |
| • കുട്ടികളെ പരിസ്ഥിതി-ബോധവാന്മാരാക്കുന്നതിന് | പാട്ടു, ക്വിസ്, പരിസ്ഥിതി ബോധവൽക്കരണം, വൃക്ഷത്തൈ നടൽ, പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | June-5 Class PTA | അധ്യാപകർ |
| * വിജയസ്പർശം | വിജയസ്പർശം പ്രവർത്തനങ്ങൾ | ക്ലാസ്തല PTA | |
| * SRG meeting<br>* കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നു. | * വായനാവാരം വായനയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പുസ്തകം നൽകൽ. PN പണിക്കരുടെ വിവിധ പ്രസംഗം, quiz മത്സരം, വായനാമത്സരം നടത്തുന്നു. | ജൂൺ 19-20 | |
| * PTA ജനറൽ ബോഡി | * പുതിയ കമ്മിറ്റി June-20 രൂപീകരിക്കുന്നു. | June 20 | |
| * നല്ല ആരോഗ്യത്തിന്, യോഗയിലൂടെ പ്രാധാന്യം മനസ്സിലാക്കുന്നതിന്. | യോഗദിനത്തോടനുബന്ധിച്ച് പ്രത്യേക Assembly യോഗം ജൂൺ 21-ന് | June 21 | അധ്യാപകർ |

Scanned by Camera Scanner

| | | | |
|---|---|---|---|
| ജൂലൈ<br>വായനയെ പരിപോഷിപ്പിക്കുന്നതിന് എഴുത്തുകാരെ പരിചയപ്പെടൽ | SRG-meeting<br>ബഷീർ കൃതികൾ പരിചയപ്പെടൽ ചിത്രം വരയ്ക്കൽ, CD പ്രദർശനം, ബഷീർ കഥാപാത്രങ്ങൾ വേഷം കെട്ടി. | July-5 | |
| ആകാശഗോളങ്ങളെക്കുറിച്ച് പരിചയപ്പെടൽ | ചാന്ദ്രദിനത്തോടനുബന്ധിച്ച് CD പ്രദർശനം, റോക്കറ്റ് നിർമ്മാണം | July-21 | അധ്യാപകർ |
| ഓഗസ്റ്റ്<br>യുദ്ധം കൊണ്ടുള്ള ദോഷങ്ങളെക്കുറിച്ചുള്ള അറിവ് നേടൽ | SRG-meeting<br>Aug-6, ഹിരോഷിമദിനത്തോടനുബന്ധിച്ച് Sedako കൊക്ക് നിർമ്മാണം<br>യുദ്ധവിരുദ്ധ poster നിർമ്മാണം<br>Aug-9 നാഗസാക്കി ദിനം, ക്വിറ്റ് ഇന്ത്യാ ദിനം | Aug-6,9, | |
| കുട്ടികൾക്ക് കൃഷിയോട് താൽപര്യം ജനിപ്പിക്കൽ | കർഷകദിനത്തോടനുബന്ധിച്ച് കർഷകരെ ആദരിക്കൽ feild trip, വിത്ത് നടൽ | | |

നാടൻപാട്ട് Aug-17 ചിങ്ങം 1

Sep. 2 PTA ജനറൽബോഡി

September

September 5 ന് ഗുരുക്കന്മാരോടും മുതിർന്നവരോടുമുള്ള ബഹുമാനം ഉണ്ടാക്കിയെടുപ്പിക്കൽ.

അധ്യാപകദിനം. അധ്യാപകരോടുള്ള ബഹുമാനാർത്ഥം, SRG കുട്ടികൾ അധ്യാപകരായി ക്ലാസ്സെടുക്കൽ Sep-5 പാദവാർഷിക പരീക്ഷ ആരംഭം

(PTA)

Sep-13 ഓണാഘോഷം പൂക്കള മത്സരം, സദ്യ ഓണക്കളികൾ സമ്മാനം നൽകൽ.

• ഒക്ടോബർ - 2
രാഷ്ട്രപിതാവിനെ അറിയാൻ
SRG meeting.

- CPTA.

November.

• കേരളത്തെക്കുറിച്ച് കൂടുതൽ
അറിയാൻ
SRG meeting,

• 'കുട്ടികളുടെ ചാച്ചാജി'!
ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി
SRG meeting

December.
mentally, physically വെല്ലുവിളി നേരിടുന്ന
ഇവരെ സഹായിക്കുന്നതിനുള്ള മനോഭാവം
വളർത്താൻ.

ചെയ്യുന്നു
• ഗാന്ധിജയന്തിയോടനുബന്ധിച്ച് video oct-2
പ്രദർശനം, school പരിസര ശുചീകരണം,
Quiz, ഗാന്ധിവേഷം ധരിക്കൽ.

• CPTA കൂടുന്നു. SRG

November കേരളപ്പിറവിയോടനുബന്ധിച്ച്
video പ്രദർശനം. Nov-1
കേരളത്തെ കുറിച്ചുള്ള പ്രസംഗം, ജില്ലകൾ
പരിചയപ്പെടൽ etc.

Nov.14 ശിശുദിനത്തോടനുബന്ധിച്ച്
നെഹ്റു വേഷം ധരിക്കൽ പ്രത്യേക
Assembly Quiz etc.

ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് Dec-3
വിദ്യാർത്ഥികളെ അറിയാൻ.

Scanned by Camera Scanner

- Dec 12 അർധവാർഷികപരീക്ഷ ആരംഭം.

Dec 20 ക്രിസ്തുമസ് ആഘോഷ പരിപാടികൾ

പുതുവർഷം ആഘോഷ പരിപാടികൾ, greeting card തയ്യാറാക്കൽ. ജനുവരി

റിപ്പബ്ലിക് ദിന പരിപാടികൾ ജനുവരി 26
ദേശഭക്തിഗാനം greeting card, പ്രസംഗം.

ജനറൽ PTA

മാതൃഭാഷാദിനം Feb 21

February അവസാനം
വാർഷികം

post-test വിജയസ്പർശം March
വാർഷിക പരീക്ഷ വിജയസ്പർശം

January - SRG meeting, CPTA
പുതുവർഷം

ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നു.

മലയാളഭാഷയെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു.

March
വിജയസ്പർശം.

Scanned by Camera Scanner

## ഉപമേഖല: കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ | ബാലസഭ | മാസത്തിൽ ഒന്ന് | വിദ്യാരംഗം കൺവീനർ | |
| | സാഹിത്യസമാജം | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| | ഒരിടത്തൊരിടത്ത് (കഥാവതരണം) | ജൂൺ - മാർച്ച് | സ്റ്റാഫ് സെക്രട്ടറി | |

## ഉപസംഹാരം

ശാസ്താ എ.എൽ.പി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോമുഖമായ വികാസമാണ് വിദ്യാഭ്യാസമെന്ന് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. ഇത് ഫലപ്രദമായും പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പാഠ്യപ്രവർത്തനങ്ങൾക്ക് അനുസൃതമായുള്ള ഈ പ്രവർത്തനങ്ങൾ ഉചിതമായ രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

Scanned by Camera Scanner